**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ** :dhskerala.hlth@kerala.gov.in

**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.ഇ.എസ്3-4787/2024/ആ.വ.ഡ തീയതി: 26-06-2024

**നോട്ടീസ്**

വിഷയം: ശ്രീമതി.ബിജി.സി.എച്ച്-ന്റെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി സ്ഥാനം പുന:ക്രമീകരിയ്ക്കുന്നത്-സംബന്ധിച്ച്.

സൂചന :

1. ഉത്തരവ് നം.ഇ.എസ്3-6621/2022/ആ.വ.ഡ,തീയതി:27/06/2023
2. കത്ത് നം.DMOH-ALP/2780/2023-A5,തീയതി: 03-08-2023
3. ഉത്തരവ് നം.ഇ.ഇ6/86370/2019/ആ.വ.ഡ,തീയതി:11/06/2021
4. ഉത്തരവ് നം.ആ.വ.ഡ/13072/2024/ഇ.ഇ6,തീയതി:10/06/2024

സാമൂഹികാരോഗ്യ കേന്ദ്രം തൈക്കാട്ടുശ്ശേരിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരിയായ ശ്രീമതി.ബിജി.സി.എച്ച് സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച 31/12/2022 കാലയളവിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സീനിയോരിറ്റി സ്ഥാനം പുന:ക്രമീകരിയ്ക്കുന്നതിനായി സൂചന 2-ലെ കത്ത് പ്രകാരം ആക്ഷേപമുന്നയിച്ചിരുന്നു.ടിയാരിയ്ക്ക് നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്ന സൂചന 3-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാരിയെ മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികയിൽ **3014-ാം** സ്ഥാനത്ത് ഉൾപ്പെടുത്തിയിരുന്നത്.

മേൽപ്പറഞ്ഞ ആക്ഷേപം പരിശോധിയ്ക്കുകയും ടിയാരിയേക്കാൾ ജൂനിയറായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയായ **30/04/2021** തീയതി പ്രാബല്യത്തിൽ ടിയാരിയും നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹയാണെന്നും വ്യക്തമാക്കിക്കൊണ്ട് സൂചന 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ആയിതിനാൽ സൂചന 4-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച 31/12/2022 കാലയളവിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ടിയാരിയ്ക്ക് അനുവദിച്ച് നൽകിയ 3014-ാം സ്ഥാനം റദ്ദ് ചെയ്തുകൊണ്ടും **30/04/2021** പ്രാബല്യത്തീയതി പരിഗണിച്ച് **2 9 2 0 A** സ്ഥാനത്ത് താത്ക്കാലികമായി ഉൾപ്പെടുത്തിക്കൊണ്ടും നോട്ടീസ് പുറപ്പെടുവിക്കുന്നു.വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | PEN | Date Of Birth | Promotion Order | Date assigned for seniority | Existing Rank No.in the seniority list of Nursing Officer Gr1 | Proposed Rank No. in the seniority list of Nursing Officer Gr1 | Remarks |
|---|---|---|---|---|---|---|---|
| ASA JOHN | 728619 | 25/05/1983 | EE6-86370/2019/DHS DTD 30/04/2021 | 30/04/2021 | 2920 | ---- | |
| **BIJI C.H** | **730374** | **29/04/1986** | **EE6-86370/2019/DHS DTD 11/06/2021** | **30/04/2021** | **3014** | **2920A** | **The effective date of promotion has been revised as per the order no. DHS/13072/2024/EE6,Dtd. 10/06/2024** |
| BINNU.K.MURALI | 732968 | 25/05/1983 | EE6-86370/2019/DHS DTD 30/04/2021 | 30/04/2021 | 2921 | ---- | |

മേൽ സൂചിപ്പിച്ചുംവിധത്തിൽ സീനിയോരിറ്റി അനുവദിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കും ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ ഈ നോട്ടീസ് അന്തിമമാക്കി ഉത്തരവാക്കുന്നതാണ്.

Signed by
Jayasree V
Date: 26-06-2024 21:33:57

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

ബന്ധപ്പെട്ട വ്യക്തികൾ(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേന)

**പകർപ്പ്**

1. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ